# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3676** **20/10/2016 ൽ മറുപടി**

## സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. അനിൽ അക്കര | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 28/09/2016 ലെ സ.ഉ.(പി) 41/2016/ആ.സാ.വ. നമ്പർ ഉത്തരവ് പ്രകാരം സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ മേഖലയിലെ സ്കൂളുകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ നിന്നും ഒരു സ്കൂൾ എന്ന അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ.-യുടെ ശിപാർശ കൂടി പരിഗണിച്ചാണ് സ്കൂൾ തെരഞ്ഞെടുക്കുക. സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും കുട്ടികൾ കൂടുതലുള്ളതും, ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളുമുള്ള സ്കൂളുകൾക്കും മുൻഗണന നൽകുന്നതായിരിക്കും. പൈലറ്റ് പദ്ധതി എന്ന നിലയിൽ നാല് മണ്ഡലങ്ങളിലെ എല്ലാ സ്കൂളുകളെയും ഇത്തരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലായിവരുന്നു. |

സെക്ഷൻ ഓഫീസർ